"ഭരണഭാഷ മാതൃഭാഷ"

കുരുന്നുകൾക്ക് ചിറകേകി 45ന്റെ നിറവിൽ

നം.ICDS/A4-15648/21

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി : 12.10.2021
ഇ-മെയിൽ directorate.wcd@kerala.gov.in
ഫോൺ നമ്പർ 0471-2346534

വനിത ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്കും.

സർ,

വിഷയം: വനിത ശിശു വികസന വകുപ്പ് -മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ( MGNREGS) തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങളെ വിവിധ വകുപ്പു പദ്ധതികളുമായി സംയോജിപ്പിക്കൽ-ജില്ലാതല അവലോകന യോഗങ്ങളിൽ വകുപ്പിലെ ജില്ലാതല ഉദ്യോഗസ്ഥരുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്നത് - നിർദ്ദേശം നൽകുന്നത് -സംബന്ധിച്ച്

സൂചന: മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ( MGNREGS) മിഷൻ ഡയറക്ടറുടെ 28.09.2021 ലെ 72355/D1/2021 /MGNREGS (6) നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനങ്ങള വിവിധ വകുപ്പിലെ പദ്ധതികളുമായി സംയോജിപ്പിച്ച് തൊഴിലുറപ്പ് പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഗ്രാമീണ മേഖലയിൽ കൂടുതൽ ആസ്തി വികസനം സാധ്യമാക്കി ഗ്രാമീണ ജനങ്ങളുടെ ജീവനോപാധി മെച്ചപ്പെടുത്തുന്നതിനും ദേശീയ തൊഴിൽ ഉറപ്പ് മിഷൻ തീരുമാനിച്ചിട്ടുണ്ട്.

നിലവിൽ അംഗീകരിച്ച അങ്കണവാടികൾക്കുള്ള സ്ഥലം കണ്ടെത്തുന്നതിനും ബേബി ഫ്രണ്ട്ലി ടോയ്ലറ്റ് അവശ്യങ്ങൾക്കുള്ള അങ്കണവാടികൾ കണ്ടെത്തുന്നതിനും ന്യൂട്രി ഗാർഡൻ സ്ഥാപിക്കുന്ന പ്രവർത്തനങ്ങളിലും വനിത ശിശുവികസന വകുപ്പിനെ MGNREGS മിഷൻ സഹായിക്കുവാൻ സന്നദ്ധമാണെന്നും ടി വിഷയം ചർച്ച ചെയ്യുന്നതിന് വേണ്ടി മിഷൻ ജില്ലാതലത്തിൽ സംഘടിപ്പിക്കുന്ന വിവിധ വകുപ്പ് ഉദ്യോഗസ്ഥരുടെ അവലോകനയോഗത്തിൽ വനിത ശിശുവികസന വകുപ്പിലെ ജില്ലാതല ഉദ്യോഗസ്ഥരുടെ പങ്കാളിത്തം ഉറപ്പു വരുത്തണമെന്ന് ദേശീയ തൊഴിലുറപ്പ് മിഷൻ സൂചന പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ദേശീയ തൊഴിലുറപ്പ് മിഷൻ ജില്ലാതലത്തിൽ സംഘടിപ്പിക്കുന്ന അവലോകന യോഗങ്ങളിൽ എല്ലാ ജില്ലാ വനിത ശിശുവികസന ഓഫീസർമാരും പങ്കെടുക്കേണ്ടതാണ്. അങ്കണവാടി, അങ്കണവാടിയിലെ ടോയ്‌ലറ്റുകൾ, ന്യൂട്രി ഗാർഡൻ എന്നിവയുടെ നിർമ്മാണം സാധ്യമാക്കുന്നതിനും കൂടാതെ അങ്കണവാടികൾക്ക് സ്ഥലം കണ്ടെത്തുന്നതിനും Baby Friendly Toilet കൾ ആവശ്യമുള്ള അങ്കണവാടികൾ കണ്ടെത്തുന്നതിനും ന്യൂട്രി ഗാർഡൻ സ്ഥാപിക്കുന്നതുമായുള്ള പ്രവർത്തനങ്ങളിലും മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷന് (MGNREGS) ആവശ്യമായ സഹകരണങ്ങൾ നൽകി യോജിച്ച് പ്രവർത്തിക്കുന്നതിനും നിർദ്ദേശിക്കുന്നു. കാസർഗോഡ് , വയനാട് ജില്ലകളിൽ നിന്നും ഏറ്റവും കുറഞ്ഞത് 5 , മറ്റ് ജില്ലകളിൽ നിന്നും ഏറ്റവും കുറഞ്ഞത് 10 അങ്കണവാടികൾ എന്ന ക്രമത്തിൽ അങ്കണവാടി കെട്ടിട നിർമ്മാണം , ടോയ്‌ലറ്റുകൾ എന്നിവയ്ക്കായി മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷന്റെ (MGNREGS) സേവനങ്ങൾ പ്രയോജനപ്പെടുത്തണമെന്നും നിർദ്ദേശിക്കുന്നു. ടി ലക്ഷ്യം പ്രാവർത്തികമാക്കാൻ ജില്ലാതല ICDS സെല്ലിലെ പ്രോഗ്രാം ഓഫീസർമാർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർക്കു വേണ്ടി

പകർപ്പ്

1. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും,
   ജില്ലാ ICDS സെൽ.
2. ശിശുവികസന പദ്ധതി ഓഫീസർമാർ

13/10/21

GB